**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

11/07/2014-ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7087

## കമ്മ്യൂണിറ്റി കോളേജ് പദ്ധതി

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**ചോദ്യം**
ശ്രീ. എസ്.ശർമ്മ :
ശ്രീ. ബാബു.എം.പാലിശ്ശേരി :
ശ്രീമതി.പി.അയിഷാ പോറ്റി :
ശ്രീ. സാജു പോൾ :

| | | | |
|---|---|---|---|
| (എ) | കമ്മ്യൂണിറ്റി കോളേജ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് സ്കീം, സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ പോളിടെക്നിക്കുകൾ സമീപത്തുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത പദ്ധതിയാണ്. തുടക്കമെന്ന നിലയിൽ കേരളത്തിൽ അഞ്ച് സ്ഥലങ്ങളിൽ ഇക്കൊല്ലം കമ്മ്യൂണിറ്റി കോളേജ് സ്കീം നടപ്പിലാക്കാനുള്ള നടപടികൾ നടന്നു വരുന്നു. (ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, ഷൊർണ്ണൂർ, പെരിന്തൽമണ്ണ) |
| (ബി) | പദ്ധതി പ്രകാരം രൂപവത്കരിക്കുന്ന ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടന വിശദമാക്കാമോ ; | (ബി) | ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.<br>1. സ്ഥാപനമേധാവി<br>2. അനുബന്ധ വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനത്തിന്റെ വകുപ്പ് മേധാവി<br>3. ആർട്സ് ആന്റ് സയൻസ് കോളേജിലെ പ്രതിനിധി<br>4. വ്യവസായ സ്ഥാപനത്തിലെ പ്രതിനിധി<br>5. സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിലെ കരിക്കുലം ഡെവലപ്പ്മെന്റ് സെന്റർ പ്രതിനിധി |
| (സി) | അതിൽ വിദ്യാർത്ഥി - അദ്ധ്യാപക സംഘടനകൾക്ക് പ്രാതിനിധ്യം നൽകാമോ ; | (സി) | നിലവിൽ വിദ്യാർത്ഥി - അദ്ധ്യാപക സംഘടനകൾക്ക് ബോർഡ് ഓഫ് സ്റ്റഡീസിൽ പ്രാതിനിധ്യം നൽകാൻ തീരുമാനിച്ചിട്ടില്ല. |
| (ഡി) | പാഠ്യപദ്ധതി തയ്യാറാക്കലും പരീക്ഷ നടത്തിപ്പും മൂല്യ നിർണ്ണയവും അതേ കോളേജിലെ അദ്ധ്യാപകർ നടത്തുന്ന രീതി വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണത്തിന് വഴിവെയ്ക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | കമ്മ്യൂണിറ്റി കോളേജ് സ്കീം പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന കരിക്കുലം ഡെവലപ്പ്മെന്റ് സെന്ററാണ്. അതാത് സ്ഥാപനങ്ങളിലെ പ്രമുഖർ വ്യവസായ മേഖലയിലെ പ്രതിനിധികൾ എന്നിവർ തമ്മിൽ വിവിധതലങ്ങളിൽ നടത്തിയ ചർച്ചയും വ്യവസായ സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങളും പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. മൂല്യനിർണ്ണയവും, സർട്ടിഫിക്കറ്റ് വിതരണവും മറ്റും ചെയ്യുന്നത് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിലാണ്. ഒരു തരത്തിലുമുള്ള മൂല്യശോഷണവും ഈ കാര്യത്തിൽ ഉണ്ടാവില്ലെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ